**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1756** **02-02-2024 - ൽ മറുപടിയ്ക്ക്**

**എക്സസ് അദ്ധ്യാപക തസ്തികകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ജോബ് മൈക്കിൾ | | ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | ഗവൺമെന്റ് കോളേജുകളിൽ നിലവിലുള്ള അധിക അദ്ധ്യാപക തസ്തികകൾ പുനർവിന്യസിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; വിശദവിവരം നൽകുമോ; | (എ) | യു.ജി.സി സ്കീമിന് യോജിച്ച രീതിയിൽ അദ്ധ്യാപക തസ്തിക സൃഷ്ടിക്കുന്നതിനുള്ള വർക്ക് ലോഡ് കണക്കാക്കുന്നതിൽ പി.ജി കോഴ്സുകൾക്ക് അധിക വെയിറ്റേജ് നൽകിവന്നിരുന്ന രീതി 01.06.2020 പ്രാബല്യത്തിൽ സർക്കാർ നിർത്തലാക്കിയിരുന്നു. അതുവരെ 9 മണിക്കൂർ ജോലിഭാരം മതിയായിരുന്ന സിംഗിൾ ഫാക്കൽറ്റി/സെക്കന്റ് ലാംഗ്വേജ് വിഷയങ്ങളിലും 16 മണിക്കൂർ വർക്ക് ലോഡ് നിർബന്ധമാക്കിയിരുന്നു. തുടർന്ന് സർക്കാർ കോളേജുകളിൽ വിവിധ വിഷയങ്ങളിൽ നിലനിന്നിരുന്ന വർക്ക് ലോഡ് പുനഃക്രമീകരിച്ചതിന്റെ ഭാഗമായും, എം. ഫിൽ കോഴ്സുകൾ യു.ജി.സി നിർത്തലാക്കിയതിന്റെ ഭാഗമായും 350 ൽ പരം അധിക അദ്ധ്യാപക തസ്തികകൾ നിലനിൽക്കുന്നതായി കണ്ടെത്തുകയുണ്ടായി. പ്രസ്തുത തസ്തികകൾ ക്രമീകരിക്കുന്നതിനായുള്ള പ്രൊപ്പോസൽ കോളേജ് വിദ്യാഭ്യാസ ഡയറക്ടർ സമർപ്പിച്ചിട്ടുണ്ട്. ആയത് സർക്കാർ പരിശോധിച്ചു വരുന്നു. |
| (ബി) | അധിക തസ്തികകൾ നിലവിലുള്ളത് മൂലം കേരള പി.എസ്.സി.യുടെ അസിസ്റ്റന്റ് പ്രൊഫസർ റാങ്ക് പട്ടികയിൽ ഉൾപ്പെട്ട ആദ്യ റാങ്കുകാർക്ക് പോലും നിയമന ശിപാർശ ലഭിക്കാത്ത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (ബി) | യു.ജി.സി സ്കീമിന് യോജിച്ച രീതിയിൽ അദ്ധ്യാപക തസ്തിക സൃഷ്ടിക്കുന്നതിനുള്ള വർക്ക് ലോഡ് കണക്കാക്കുന്നതിൽ പി.ജി കോഴ്സുകൾക്ക് അധിക വെയിറ്റേജ് നൽകിവന്നിരുന്ന രീതി 01.06.2020 പ്രാബല്യത്തിൽ സർക്കാർ നിർത്തലാക്കിയിരുന്നു. അതുവരെ 9 മണിക്കൂർ ജോലിഭാരം മതിയായിരുന്ന സിംഗിൾ ഫാക്കൽറ്റി/സെക്കന്റ് ലാംഗ്വേജ് വിഷയങ്ങളിലും 16 മണിക്കൂർ വർക്ക് ലോഡ് നിർബന്ധമാക്കിയിരുന്നു. തുടർന്ന് സർക്കാർ കോളേജുകളിൽ വിവിധ വിഷയങ്ങളിൽ നിലനിന്നിരുന്ന വർക്ക് ലോഡ് പുനഃക്രമീകരിച്ചതിന്റെ ഭാഗമായും, എം. ഫിൽ കോഴ്സുകൾ യു.ജി.സി നിർത്തലാക്കിയതിന്റെ ഭാഗമായും 350 ൽ പരം അധിക അദ്ധ്യാപക തസ്തികകൾ നിലനിൽക്കുന്നതായി കണ്ടെത്തുകയുണ്ടായി. പ്രസ്തുത |

| | | | |
|---|---|---|---|
| | | | തസ്തികകൾ ക്രമീകരിക്കുന്നതിനായുള്ള പ്രൊപ്പോസൽ കോളേജ് വിദ്യാഭ്യാസ ഡയറക്ടർ സമർപ്പിച്ചിട്ടുണ്ട്. ആയത് സർക്കാർ പരിശോധിച്ച് വരുന്നു. |
| (സി) | അടുത്ത അക്കാദമിക് വർഷം ആരംഭിക്കുന്ന നാല് വർഷ ഡിഗ്രി കോഴ്സുകൾ നടപ്പിലാക്കുന്നതിന് അധികമായി എത്ര അദ്ധ്യാപക തസ്തികൾ വേണ്ടിവരുമെന്ന് കണ്ടെത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; വിശദവിവരം നൽകുമോ; | (സി) | നാലുവർഷ ഡിഗ്രി പ്രോഗ്രാമിൽ മൂന്നുവർഷത്തെ പഠനം പൂർത്തിയാക്കി ബിരുദം സമ്പാദിക്കുന്നതിന് നിലവിലെ അദ്ധ്യാപകരുടെ എണ്ണം പര്യാപ്തമാണ്. അധിക അദ്ധ്യാപക തസ്തികകൾ സൃഷ്ടിക്കാതെ തന്നെ നാലുവർഷ ഡിഗ്രി പ്രോഗ്രാം ആരംഭിക്കാവുന്നതാണ്. |
| (ഡി) | നാലുവർഷ ഡിഗ്രി കോഴ്സ് നിലവിൽ വരുമ്പോൾ ഇല്ലാതെ ആകുന്ന വിവിധ വിഷയങ്ങളിലെ അധിക അദ്ധ്യാപകരുടെ എണ്ണം എത്രയെന്ന് വ്യക്തമാക്കുമോ; | (ഡി) | നാലുവർഷ ഡിഗ്രി പ്രോഗ്രാം ആരംഭിക്കുമ്പോൾ അദ്ധ്യാപക തസ്തികകൾ ഒന്നും ഇല്ലാതാകുന്നില്ല. നിലവിലുള്ള അദ്ധ്യാപകരുടെ മുഴുവൻ ജോലി ഭാരവും സംരക്ഷിച്ചു കൊണ്ടുള്ള നാലു വർഷ കരിക്കുലം ആണ് ചിട്ടപ്പെടുത്തിയിരിക്കുന്നത്. |
| (ഇ) | അധിക അദ്ധ്യാപകർ നിലവിലുള്ളതിനാൽ റിട്ടയർമെന്റ് ഒഴിവുകൾ ഉൾപ്പെടെയുള്ളവ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യാതിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത ഒഴിവുകൾ കാലതാമസം കൂടാതെ റിപ്പോർട്ട് ചെയ്യുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ? | (ഇ) | ഇല്ല.<br><br>പി. ജി കോഴ്സുകൾക്ക് നൽകിവന്നിരുന്ന അധിക വെയിറ്റേജ് 01.06.2020 പ്രാബല്യത്തിൽ ഒഴിവാക്കിയതിനെത്തുടർന്ന് മതിയായ വർക്ക് ലോഡ് ഇല്ലാത്ത അധിക അദ്ധ്യാപക തസ്തികകൾ ക്രമീകരിക്കേണ്ടതുള്ളതിനാൽ വിവിധ വിഷയങ്ങളിൽ 01.06.2020 ന് ശേഷം ഉണ്ടായ ഒഴിവുകൾ പി. എസ്. സി യ്ക്ക് റിപ്പോർട്ട് ചെയ്തിരുന്നില്ല. അധിക അദ്ധ്യാപക തസ്തികകൾ ക്രമീകരിക്കുന്ന വിഷയം സർക്കാർ പരിശോധിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ